അംഗീകാരം ലഭിച്ചിട്ടില്ല. വെണ്ണീർവയൽ ഭാഗത്ത് റോഡിലുണ്ടായ വിള്ളലുകൾ പരിഹരിക്കുന്നതിന് കളക്ടറുടെ നിർദ്ദേശത്തെതുടർന്ന് പാർശ്വഭിത്തി സംരക്ഷണവും ചെളി നീക്കവും കൂടി 11.70 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷേ കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്ന് പ്രതികരണം ലഭിച്ചിരുന്നില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്ന് ചെളി നീക്കുന്ന പ്രവൃത്തി ഒഴിവാക്കി പാർശ്വഭിത്തി കെട്ടി സംരക്ഷണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതിയ നിരക്കനുസരിച്ച് സമർപ്പിക്കുവാൻ കോഴിക്കോട് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

147 (2427) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര മൈക്രോഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു, എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂക ഇതുവരെ ലഭിച്ചു, എത്ര രൂക ചെലവഴിച്ചു, വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കിയതിലൂടെ പദ്ധതി പ്രദേശത്തുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിലെ പുൽപ്പള്ളിയിലും ഇടുക്കി ജില്ലയിലെ വട്ടവടയിലും മൈക്രോ ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു.

(ബി) മേൽ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല.

(ഡി) ഈ പദ്ധതി പൂർത്തിയാകുമ്പോൾ മഴനിഴൽ പ്രദേശങ്ങളായ പുൽപ്പള്ളിയിലും വട്ടവടയിലും കുറഞ്ഞ ജലലഭ്യത ഉള്ളപ്പോൾത്തന്നെ ഏക്കറുകണക്കിന് ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുവാൻ കൃഷിക്കാർക്ക് സാഹചര്യം ഉണ്ടാകുന്നതാണ്.

**മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

148 (2428) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായം ഉപയോഗിച്ച് സംസ്ഥാനത്ത് മൈക്രോ ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി എന്ത് തുക അനുവദിക്കപ്പെട്ടുവെന്നും എത്ര പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണിവയെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. മൈക്രോ ഇറിഗേഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ, സംസ്ഥാനത്തെ 10 ജില്ലകൾക്ക് 45 ശതമാനവും മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 4 ജില്ലകൾക്ക് 60 ശതമാനവും, ധനസഹായമായി നൽകുന്നു. എന്നാൽ സംസ്ഥാന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ 75 ശതമാനം ധനസഹായമാണ് അനുവദിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ധനസഹായത്തിന്റെ തോതിലുള്ള കുറവ് കാരണം കർഷകരെ പ്രസ്തുത പദ്ധതിയിലേക്ക് ആകർഷിക്കുവാൻ കഴിയാതെ വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും മാത്രമേ കർഷകർക്ക് മൈക്രോ ഇറിഗേഷനായുള്ള ഉപകരണങ്ങൾ വാങ്ങുവാൻ നിർവ്വാഹമുള്ളൂ. മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്കാണ് പ്രസ്തുത ഏജൻസികൾ ഈടാക്കുന്നത്. ഇതും കർഷകരെ പ്രസ്തുത പദ്ധതിയിൽനിന്നും അകറ്റിനിർത്താൻ കാരണമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly